"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം- കൊല്ലം ജില്ല - പിറവന്തൂർ ഗ്രാമ പഞ്ചായത്ത് ക്ലർക്ക് ശ്രീ സന്തോഷ് കുമാർ. ആർ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1954/2024/LSGD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:-

1. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.09.2019ലെ ഇ2-175/16 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24.06.2023ലെ എൽ എസ് ജി ഡി /ജെ ഡി/കെഎൽഎം/468/2023-എ3 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.09.2023ലെ എൽ എസ് ജി ഡി /പി ഡി/52474/2023-ഡിഇസി3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ സന്തോഷ് കുമാർ.ആർ- ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയും അനുബന്ധരേഖകളും അനുകൂല ശുപാർശ സഹിതം പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(2) ശ്രീ സന്തോഷ് കുമാർ ആർ 31.08.2017 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണെന്നും, ടിയാന്റെ നിയമനം പരാമർശം (1) പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്നും, ടിയാൻ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ നിരീക്ഷണ കാലയളവ് 31.08.2019 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും 23.11.2022- ന് ടിയാൻ ഒ പി പരീക്ഷ വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ പ്രൊബേഷൻ 24.11.2022 തീയതിയിൽ പ്രഖ്യാപിക്കുന്നതിനായി 25.11.2022 തീയതി വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ സന്തോഷ് കുമാർ ആർ – ന്റെ പ്രൊബേഷൻ ടിയാൻ എം ഒ പി പരീക്ഷ പാസ്സായ 23.11.2022 ന്റെ തൊട്ടടുത്ത ദിവസമായ 24.11.2022 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 31.08.2020 മുതൽ 25.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, പിറവന്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ സന്തോഷ് കുമാർ ആർ, ക്ലർക്ക്, പിറവന്തർ ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ, ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.158/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 17-10-2024 11:07:36
സെക്ഷൻ ഓഫീസർ